# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷന്‍ വിതരണം കാര്യക്ഷമമാക്കാന്‍ നടപടി</u>

7250 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ആര്‍. സെല്‍വരാജ്
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ വിതരണം കാര്യക്ഷമമാക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് ; വിശദമാക്കുമോ;

(ബി) ഇതിനായി താലൂക്ക് സപ്ലൈ ഓഫീസുകളില്‍ നിലവിലുള്ള സംവിധാനം പുന:ക്രമീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) റേഷന്‍ കടകളില്‍ ഇലക്ട്രോണിക് ത്രാസ്സ് ഏര്‍പ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റേഷന്‍ വിതരണ രംഗത്ത് കമ്പ്യൂട്ടര്‍വല്‍ക്കരണം

7251 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ വിതരണ രംഗത്ത് 'കമ്പ്യൂട്ടര്‍വല്‍ക്കരണം' കൊണ്ടു വരാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഇത് എപ്പോള്‍ നടപ്പിലാക്കാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ വിതരണ രംഗത്തെ വെട്ടിപ്പ് തടയാൻ നടപടി</u>

7252 ശ്രീ. സി ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണ രംഗത്തെ വെട്ടിപ്പും തിരിമറി കളും അവസാനിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മൊത്ത വ്യാപാര സ്ഥാപനങ്ങളിലും റേഷൻ കടകളിലും പരിശോധനകൾ നടത്തിയെന്നും അതിൽ എത്ര കേസുകൾ കണ്ടുപിടിച്ചുവെന്നും അത്തരം കേസുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റേഷന്‍ സാധനങ്ങള്‍ കരിഞ്ചന്തയില്‍ എത്തുന്നത് തടയാന്‍ നടപടി

7253 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങള്‍ റേഷന്‍ കടകളില്‍ എത്തുന്നതിന് മുന്‍പ് കരിഞ്ചന്തയിലേക്ക് കടത്തപ്പെടുന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം റേഷന്‍ സാധനങ്ങള്‍ കരിഞ്ചന്തയില്‍ എത്തുന്നത് തടയാന്‍ എന്തെല്ലാം നടപടിയാണ് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷന്‍ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം</u>

7254

ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ കടകള്‍ വഴി വിതരണം നടത്തുന്ന ഗോതമ്പ് പൊടി തീരെ നിലവാരം കുറഞ്ഞതാണ് എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം കുറഞ്ഞതും കാലാവധി കഴിഞ്ഞതുമായ ഗോതമ്പ് പൊടി വിതരണം നടത്തുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) റേഷന്‍ കട വഴി വിതരണം നടത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉയര്‍ത്തുന്നതിനായി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങളുടെ അളവ്</u>

7255 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വ്യക്തിക്കോ കുടുംബത്തിനോ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ എന്തൊക്കെയാണന്നും, അവയുടെ അളവ് എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അളവ് പ്രകാരമാണോ റേഷൻ കടകളിലേക്ക് സാധനങ്ങൾ അനുവദിക്കുന്നത് ;

(സി) റേഷൻ കടകളിൽ ലഭ്യമായിട്ടുള്ള സാധനങ്ങളുടെ അളവ് സംബന്ധിച്ച ബോർഡ് പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പൊതുവിതരണ സമ്പ്രദായത്തിന്റെ അധുനികവൽക്കരണം</u>

7256 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുമോ ;

(സി) ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും, അവകാശങ്ങളും സംരക്ഷിക്കുന്നതിനായി 2012-13 വർഷത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പൊതുവിപണിയിലെ വിലക്കയറ്റം</u>

7257 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ 2011 മെയ് മാസത്തിൽ അവശ്യ വസ്തുക്കളായ 13 ഇനം സാധനങ്ങളുടെ വില പൊതു വിപണിയിൽ എത്രയായിരുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ ഒരു വർഷത്തെ ഭരണത്തിനു ശേഷം 2012 ജൂൺ മാസം അവശ്യ വസ്തുക്കളായ പ്രസ്തുത 13 ഇനം സാധനങ്ങളുടെ വില നിലവാരമെത്രയെന്ന് ഇനം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ ഇനത്തിലും എത്ര ശതമാനമാണ് വില വർധിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതു വിപണിയിലെ വിലക്കയറ്റം സംബന്ധിച്ച് പഠിക്കുന്നതിന് ഒരു സമിതിയെ നിയമിക്കുകയുണ്ടായോ; സമിതിയിലെ അംഗങ്ങൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സമിതി ഇതുവരെ നടത്തിയ പഠനങ്ങൾ എന്തെല്ലാം; പെട്രോളിയം വില വർധന, സബ്സിഡി വെട്ടികുറയ്ക്കൽ, അവധി വ്യാപാരം മുതലായവ തടയാൻ വിലവർധനയുമായി ബന്ധപ്പെടുത്തി സമിതി പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിൽ വേണ്ടത്ര സർക്കാർ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ മതിയായ ഇടപെടൽ ഇല്ലാത്തത് വിലക്കയറ്റത്തിന് കാരണമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഭക്ഷണ സാധനങ്ങളുടെ അമിത വില</u>

7258 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' കെ. എം. ഷാജി
'' സി. മമ്മൂട്ടി
'' എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധങ്ങൾക്ക് ബോർഡുകളിൽ നിരക്കുകൾ രേഖപ്പെടുത്തിയും അല്ലാതെയും അമിത വില ഈടാക്കി ചൂഷണം ചെയ്യുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനു പരിഹാരം കാണാൻ പുതിയതായി നടപടികളെന്തെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ റസ്റ്റ്ഹൗസുകൾ, ഗസ്റ്റ്ഹൗസുകൾ എന്നിവിടങ്ങളിലെ ഭക്ഷണ വിലവിവരം പ്രസിദ്ധപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അരി വില വര്‍ദ്ധന</u>

7259 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അരി സുലഭമായി വിപണിയില്‍ ഉള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍, ഈ സാഹചര്യത്തിലും അരി വില വര്‍ദ്ധിക്കാനുള്ള കാരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം പാളയം മാർക്കറ്റിലേയും സപ്ലൈകോയിലെയും വില വ്യത്യാസം</u>

7260 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾ ഉപയോഗിക്കുന്നതും തിരുവനന്തപുരം പാളയം മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നതുമായ വിവിധ ഇനം അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും 2012 ജൂൺ 30 ലെ വില കിലോഗ്രാമിന് എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ഇതേ ഭക്ഷ്യവസ്തുക്കൾക്ക് പ്രസ്തുത ദിവസത്തെ സപ്ലൈകോയുടെ സൂപ്പർമാർക്കറ്റിലെ വില എത്രയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യ ഗുണനിലവാരം സംബന്ധിച്ച കേന്ദ്ര നിയമം</u>

7261 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിയമം നടപ്പിലാക്കുന്നത് വൈകുന്നത് കയറ്റുമതി ചെയ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ തിരസ്ക്കരിക്കപ്പെടുന്നതിനും ഭക്ഷ്യ സംസ്കരണ രംഗത്തെ പ്രമുഖ സംസ്ഥാനമെന്ന കേരളത്തിന്റെ സ്ഥാനത്തെ ബാധിക്കുന്നതിനും ഇടയാക്കുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത നിയമം എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം</u>

7262 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങളുടെ വിലവർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികളാണ് പൊതു വിതരണ സമ്പ്രദായത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിൽ വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സാധനങ്ങളാണ് ഇങ്ങനെ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ പദ്ധതി</u>

7263 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള രൂപ രേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

മാവേലി സ്റ്റോറുകൾവഴി
നോൺ മാവേലി സാധനങ്ങൾ

7264 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ വിൽക്കുന്ന നോൺ മാവേലി സാധനങ്ങൾ സ്വകാര്യ വിപണിയേക്കാൾ വിലകൂടിയതും ഗുണനിലവാരം കുറഞ്ഞതും ആണെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോറുകൾ വഴി നോൺ മാവേലി സാധനങ്ങൾ വിൽക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്;

(ഡി) സാധനങ്ങൾ വാങ്ങുന്നതിലെ സുതാര്യത ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മാവേലിസ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

7265 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ മുഖേന വിതരണം നടത്തുന്ന ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ മാവേലി സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

നെന്മാറയിൽ മാവേലിസ്റ്റോറുകൾ

7266 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതിയതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുള്ളത് ;

(ബി) നെന്മാറ മണ്ഡലത്തിൽ അനുവദിച്ച രണ്ട് മാവേലി സ്റ്റോറുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) നെന്മാറ മണ്ഡലത്തിൽ മൊബൈൽ മാവേലി സ്റ്റോർ അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ പരിഷ്കരണം</u>

7267 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ എത്ര വീതം അളവിലാണ് എ. പി. എൽ., ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട മുതിർന്ന വ്യക്തിയ്ക്കും കുട്ടിയ്ക്കും നൽകുന്നത്;

(ബി) സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും ഉപഭോക്താവിന് റേഷൻ സാധനങ്ങൾ വാങ്ങിക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങൾ പായ്ക്ക് ചെയ്ത് വിതരണം</u>

7268 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിൽ ക്രമക്കേട് കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ കൃത്യമായ അളവുകളിൽ പായ്ക്കറ്റുകളിലാക്കി വിതരണത്തിനായി റേഷൻ കടകളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ ഭക്ഷ്യധാന്യ വിതരണത്തിലെ കുറവ്</u>

7269 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ, ബി.പി.എൽ, കാർഡ് ഉടമകൾക്ക് നൽകി വരുന്ന റേഷൻ ഭക്ഷ്യധാന്യത്തിൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്നു പറയുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥ പ്രകാരം ബി.പി.എൽ കാർഡ് ഉടമകൾക്കും എ.പി.എൽ കാർഡ് ഉടമകൾക്കും എത്ര കിലോ വീതം ഭക്ഷ്യധാന്യങ്ങളാണ് നൽകേണ്ടതെന്ന് പറയുമോ;

(സി) വ്യവസ്ഥയ്ക്കു വിരുദ്ധമായി ഇപ്പോൾ നടത്തിയിട്ടുള്ള വെട്ടിക്കുറവ് പരിഹരിക്കുവാനും കാർഡ് ഉടമകൾക്ക് പൂർണ്ണമായ അളവിൽ ഭക്ഷ്യധാന്യം നൽകാനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നു പറയുമോ;

(ഡി) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ഭക്ഷ്യസാധനങ്ങൾ കെട്ടിക്കിടന്ന് നശിക്കുമ്പോഴാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എഫ്. സി. ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ</u>

7270 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഫ്. സി. ഐ. ഗോഡൗണുകളിൽ അരിയും ഗോതമ്പും ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് സംബന്ധിച്ച പത്രദൃശ്യ മാധ്യമങ്ങളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എന്തായിരുന്നു കണ്ടെത്തലെന്ന് വ്യക്തമാക്കുമോ ;

(സി) ബി. പി. എൽ റേഷൻ കാർഡ് ഉടമകൾക്ക് ഒരു രൂപക്ക് നൽകുന്ന അരി പുഴുവരിച്ച് ചീത്തയായതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഗോഡൗണുകളിലാണ് മോശപ്പെട്ട അരി കണ്ടെത്തിയതെന്നും എവിടെയൊക്കെയാണ് മോശപ്പെട്ട അരി വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ഡി) മോശപ്പെട്ട അരി കേന്ദ്രത്തിൽ നിന്നും ലഭിച്ചതാണോ അതോ ഗോഡൗണുകളിൽ കെട്ടികിടന്നു നശിച്ചതാണോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

7271 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ</u>

7272 ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ കീഴിലുള്ള ഹൈപ്പർ മാർക്കറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഹൈപ്പർ മാർക്കറ്റുകൾ നിലവിലില്ലാത്ത നഗരങ്ങളിൽ പ്രസ്തുത മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സപ്ലൈക്കോ പ്രീമിയം വില്‍പ്പനശാലകള്‍</u>

7273 ശ്രീ. ജോസഫ് വാഴക്കന്‍
'' എം. പി. വിന്‍സെന്റ്
'' വി. പി. സജീന്ദ്രന്‍
'' പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സപ്ലൈക്കോ പ്രീമിയം വില്‍പ്പനശാലകള്‍ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വില്‍പ്പനശാലകളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(സി) എവിടെയൊക്കെയാണ് പ്രീമിയം വില്‍പ്പനശാലകള്‍ തുടങ്ങാനാദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് പമ്പുകളിലെ ഇന്ധനം നിറയ്ക്കുന്ന തൊഴിലാളികളുടെ നിയമനം</u>

7274 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെട്രോൾ/ഡീസൽ പമ്പുകളിൽ ഇന്ധനം നിറയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ നിയമിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നിയമന പ്രക്രിയയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത പമ്പുകളിൽ പുതുതായി നിയമിക്കപ്പെട്ടവർ, പിരിച്ചുവിടപ്പെട്ടവർ എന്നിവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ വില്പനശാലകള്‍

7275

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയില്‍ നിലവിലുള്ള സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ ഔട്ട്ലെറ്റുകളുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ;

(ബി) കല്‍പ്പറ്റ മണ്ഡലത്തില്‍ നിലവിലുള്ള സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ വില്പനശാലകളുടെയും ശബരി സ്റ്റോറുകളുടെയും പഞ്ചായത്തുതല വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കല്‍പ്പറ്റ മണ്ഡലത്തില്‍ പുതുതായി ആരംഭിച്ച പൊതുവിതരണ വില്‍പനശാലകളുടെ പഞ്ചായത്തുതല വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കൊട്ടാരക്കരയിലെ പുതിയ സപ്ലൈകോ ഗോഡൗൺ</u>

7276 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ സപ്ലൈകോയ്ക്ക് പുതിയ ഗോഡൗൺ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ ;

(ബി) പ്രസ്തുത ഗോഡൗൺ അനുവദിച്ചത് എന്നാണ് ;

(സി) ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നടപടി</u>

7277 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ റേഷൻ കാർഡുകൾ എ.പി.എൽ. കാർഡുകളാക്കണമെന്ന നിർദ്ദേശം അനുസരിച്ച് എത്രയെണ്ണം എ.പി.എൽ. കാർഡുകൾ ആക്കിയിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ ;

(ബി) സർക്കാരിന്റെ കണക്കുപ്രകാരം ഇനി എത്ര കാർഡുകൾ എ.പി.എൽ. കാർഡുകളായി മാറ്റേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും കാർഡുകൾ മാറ്റിയിട്ടില്ലാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റേഷൻകാർഡ് ബി. പി. എൽ എന്ന് തിരുത്തി നൽകുന്നതിലെ തടസ്സങ്ങൾ</u>

7278 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുകയും റേഷൻ കാർഡിൽ എ. പി. എൽ എന്ന് തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള കുടുംബങ്ങളുടെ റേഷൻ കാർഡിൽ ബി. പി. എൽ എന്ന് തിരുത്തി നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത തടസ്സങ്ങൾ ദൂരീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പാഡി പെയ്മെന്റ് ഓഫീസുകളും തൃശൂർ ജില്ലയിലെ നെല്ലു സംഭരണവും</u>

7279 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഡി പെയ്മെന്റ് ഓഫീസുകൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാഡി പെയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) തൃശൂർ ജില്ലയിൽ നെല്ല് സംഭരിച്ചതുമായി ബന്ധപ്പെട്ട് എത്ര കർഷകർക്ക് എന്തു തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക എത്ര ദിവസത്തിനകം അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഉപഭോക്തൃ സംരക്ഷണ സംവിധാനങ്ങൾ</u>

7280 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കാൻ ഏർപ്പെടുത്തിയ സർക്കാർ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ഉപഭോക്തൃ കോടതികൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; എറണാകുളം ജില്ലയിൽ എവിടെയൊക്കെ പ്രസ്തുത കോടതികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കച്ചവട സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ വിൽപന നടത്തിയ സാധനങ്ങൾ തിരിച്ചെടുക്കുന്നതല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; ഇതിന് നിയമസാധുത ഉണ്ടോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഫെയർവാല്യൂ നിർണ്ണയം</u>

7281 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫെയർ വാല്യൂ നിർണ്ണയവുമായി ബന്ധപ്പെട്ട് തൃശൂർ ജില്ലയിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഫെയർവാല്യൂ നിർണ്ണയം</u>

7282 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ എല്ലാ ജില്ലകളിലും ഫെയർവാല്യൂ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളിലെ ഏകജാലക സംവിധാനം</u>

7283

ശ്രീ. ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സബ് രജിസ്ട്രാർ ഓഫീസുകളിലെ ഏകജാലക സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

<u>ഭൂമി രജിസ്ട്രേഷൻ - വിവര കേന്ദ്രീകരണ പദ്ധതി</u>

7284 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകരിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുളളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം</u>

7285 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നിയമം കാലാനുസൃതമായി പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ആകെ എത്ര ചാരിറ്റബിൾ സൊസൈറ്റികളാണ് നിലവിലുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജനം</u>

7286 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്ത് കേന്ദ്രീകരിച്ച് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

# 16.07.2012-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം</u>

7287 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം അവസാനമായി നടത്തിയത് എന്നാണ്; വർഷവും മാസവും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സ്ഥലംമാറ്റം നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സ്ഥലംമാറ്റം നടത്താതിരിക്കുന്നതു കാരണം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം എന്നു നടക്കുമെന്ന് വ്യക്തമാക്കുമോ?